II ഇ.ബി.XIV-കേരള നിയമസഭ/X-9

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 12, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22 (*241) പാലങ്ങളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്നും 208 പാലങ്ങൾ പുന:പരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ പുനരുദ്ധാരണമോ (ഹെവി മെയിന്റനൻസ്) വേണ്ടിവരുന്നവയാണെന്നും അതിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുനർനിർമ്മാണം ആവശ്യമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9 പാലങ്ങളുടെ

പ്രവൃത്തികൾക്ക് ബഡ്ജറ്റിലും 17 പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി മുഖേനയും ഭരണാനുമതി നൽകുകയും 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാലങ്ങളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി നടത്തുന്നതിന് വകുപ്പ് തലത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഡിസൈനിംഗ് ജോലികൾ മറ്റ് സർക്കാർ ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും നിലവിലുള്ള വർക്കുകൾ പൂർത്തിയാക്കാൻ 500 ഓവർസിയർമാരുടെയും 500 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ആവശ്യമുണ്ടെന്നും നിയമന നടപടികൾ നടന്നുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങളുടെ പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാലങ്ങളോട് ചേർന്നുള്ള നടപ്പാതകൾ നവീകരിക്കുന്നതും പൗരാണിക പാലങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പുതുതായി നിർമ്മിക്കുന്ന പാലങ്ങളുടെ ഡിസൈൻ കാലോചിതമായി പരിഷ്കരിക്കുന്നതാണെന്നും പൊതു നിരത്തുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണെന്നും നടപ്പുസാമ്പത്തിക വർഷം എല്ലാ നിയോജകമണ്ഡലങ്ങളിലും മരാമത്ത് പണികൾക്കായി 10 കോടി രൂപയുടെ

സ്പെഷ്യൽ സാങ്ഷൻ ധനകാര്യ വകുപ്പ് നൽകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മൂരാട്, പാലോളി പാലങ്ങൾ സ്റ്റാന്റ് എലോൺ പ്രോജക്ടായി പുനർനിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഗതാഗത വകുപ്പുമായി ചർച്ച നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23 (*242) **ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ ഏകീകരണം**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ ഏകീകരണവും 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതും സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്കും ചർച്ചകൾക്കും ശേഷം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. പ്രിൻസിപ്പൽമാരും, ഹെഡ്മാസ്റ്റർമാരും തമ്മിലുള്ള അധികാര പരിധി സംബന്ധിച്ച തർക്കങ്ങൾ നിലവിലെ ചട്ടപ്രകാരം പരിഹരിക്കുന്നതാണ്. ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതാണെന്നും

വിദ്യാർത്ഥികളെ ലോകോത്തരനിലവാരത്തിലെത്തിക്കാൻ പ്രാപ്തരാക്കും വിധമുള്ള ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24 (*243) ഹയർ സെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ അടിസ്ഥാനസൗകര്യ വികസനത്തിനായി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 229 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനായി 493.5 കോടി രൂപയും സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 442 സ്കൂളുകൾക്ക് 5251 ലക്ഷം രൂപയും ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിനായി 4 സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഹയർ സെക്കണ്ടറി, എയ്ഡഡ് സ്കൂളുകളുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആവശ്യമുള്ള

അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 90 ശതമാനത്തിലധികം സ്കൂളുകളിലും ആയത് പൂർത്തിയായിട്ടുണ്ടെന്നും ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുന്ന അടിസ്ഥാന സൗകര്യ പുനഃക്രമീകരണ പരിപാടികളിലൂടെ ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുള്ള ഹാർഡ് വെയർ ക്ലിനിക്കുകൾ അവധിക്കാലത്തുകൂടി പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പ്രസ്തുത സ്കൂളുകളിൽ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് നിലവിൽ 'കിറ്റ്കോ'യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും പി.ഡബ്ല്യു.ഡി., തദ്ദേശസ്വയംഭരണ വകുപ്പ്, കിഫ്ബി എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതെന്നും എയ്ഡഡ് സ്കൂളുകളുൾപ്പെടെയുള്ളവയെ സഹായിക്കുന്നതിനായി 'ചലഞ്ച് ഫണ്ട്' ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*244) <u>ഡിഗ്രി തലത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഡിഗ്രി തലത്തിൽ അക്കാദമിക നിലവാരം ഉയർത്തുവാനായി ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS) കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും ടി സംവിധാനം അവലോകനം ചെയ്യുന്നതിനായി 2012-ൽ നിയോഗിച്ച

പ്രൊഫ. ബി. ഹൃദയകുമാരി അദ്ധ്യക്ഷയായ കമ്മിറ്റി ഈ സമ്പ്രദായത്തിന്റെ ഘടനയിലോ കരിക്കുലം ചട്ടക്കൂടിലോ കാര്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഡയറക്ട് ഗ്രേഡിംഗിന് പകരം മാർക്ക് സമ്പ്രദായവും indirect ഗ്രേഡിംഗും പുന:സ്ഥാപിക്കുകയും ഓരോ കോഴ്സുകൾക്കും വിജയിക്കണമെങ്കിൽ നേടേണ്ട കുറഞ്ഞ മാർക്ക് 40 ശതമാനമായി നിജപ്പെടുത്തുകയും CBCSS മായി ബന്ധപ്പെട്ട് split variation സ്വീകരിച്ചത് ഒഴിവാക്കുകയും ചെയ്തു. വാർഷിക പരീക്ഷകൾക്കു പകരം അർദ്ധ വാർഷിക പരീക്ഷകൾ നിലവിൽ വന്നതോടെ പരീക്ഷകളുടെ എണ്ണം കൂടിയെങ്കിലും പഠനഭാരം കുറഞ്ഞതായും അത് കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രയോജനകരമായെന്നുമാണ് വിലയിരുത്തിയിട്ടുള്ളത്. CBCSS-നെക്കുറിച്ച് വിലയിരുത്തുന്നതിനായി നിയോഗിച്ച പ്രൊഫസർ എൻ. വിജയന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ പ്രകാരം, 2009-10 അക്കാദമിക വർഷം മുതൽ CBCSS സമ്പ്രദായം നടപ്പിലാക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സ്വാതന്ത്ര്യം നൽകി. നിലവിൽ പി. ജി. വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനത്തെക്കുറിച്ച് പഠിക്കാൻ ഡോ. ഇ. ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഓൺലൈൻ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക

സാങ്കേതികവിദ്യയുടെ സഹായത്തോടെ സോഫ്റ്റ് വെയർ രൂപീകരിക്കാനുള്ള ശ്രമം നടന്നുവരികയാണെന്നും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2501 മുതൽ 2834 വരെയുള്ള ചോദ്യങ്ങളിൽ 177 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)